"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

ഗതാഗത വകുപ്പ് - ബി.എസ്. IV വിഭാഗത്തിൽപ്പെട്ട ഇരുചക്ര/മുച്ചക്ര വാഹനങ്ങളുടെ പുക പരിശോധനാ സർട്ടിഫിക്കറ്റിന്റെ കാലാവധി ഒരു വർഷമാക്കി നിശ്ചയിച്ച്- ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.580/2023/TRANS    തീയതി,തിരുവനന്തപുരം, 26-12-2023

---

പരാമർശം:- 1) 22/08/2022-ലെ സ.ഉ(സാധാ.) 353/2022/ഗതാഗതം നമ്പർ ഉത്തരവ്.

2) ബഹു. കേരള ഹൈക്കോടതി WP(C)No.30776/2023 കേസിൽ പുറപ്പെടുവിച്ച 21/11/2023-ലെ വിധിന്യായം.

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം BSIV വിഭാഗത്തിൽപ്പെട്ട ഇരുചക്ര/മുച്ചക്ര വാഹനങ്ങളുടെ പുക പരിശോധനാ സർട്ടിഫിക്കറ്റിന്റെ കാലാവധി 6 മാസമാക്കി നിശ്ചയിച്ചിരുന്നു.

2) എന്നാൽ WP(C)No.30776/2023 കേസിൽ പരാമർശം (2) ഉത്തരവ് പ്രകാരം BS-IV വിഭാഗത്തിൽപ്പെട്ട ഇരുചക്ര/മുച്ചക്ര വാഹനങ്ങളുടെ പുക പരിശോധനാ സർട്ടിഫിക്കറ്റിന്റെ കാലാവധി 6 മാസമാക്കി കുറച്ച നടപടി ബഹു. കേരള ഹൈക്കോടതി റദ്ദാക്കുകയും BS-IV/ BS-VI വിഭാഗത്തിൽപ്പെട്ട വാഹനങ്ങളുടെ പുകപരിശോധന സർട്ടിഫിക്കറ്റിന്റെ കാലാവധി ഒരു വർഷമായിരിക്കുമെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. BS-IV വിഭാഗത്തിൽപ്പെട്ട ഇരുചക്ര/മുച്ചക്ര വാഹനങ്ങളുടെ പുകപരിശോധനാ സർട്ടിഫിക്കറ്റിന്റെ കാലാവധി 6 മാസം എന്നത് ഒരു വർഷമാക്കി പരാമർശം (1) ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

4) പരാമർശം (1) ലെ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

പകർപ്പ് :-

1) ഗതാഗത കമ്മീഷണർ, തിരുവനന്തപുരം

2) അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.(ആമുഖകത്ത് സഹിതം)

3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള ,തിരുവനന്തപുരം.

4) ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്

5) കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Ratheesh R
Date: 27-12-2023 16:57:09
സെക്ഷൻ ഓഫീസർ